Draft #9 of File 31231/AC A1-3/2025/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 02-Jun-2025 11:33 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകൾ - ബിരുദ /ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ - 2025-26 അദ്ധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവിനായി (മാർജിനൽ വർദ്ധനവ്) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർ പ്പിക്കാതിരുന്ന അപേക്ഷകൾ പിഴയോടുകൂടി സ്വീകരിക്കുന്നതിനു തീരുമാനിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5062/AC A 1/2025/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 03.06.2025

---

*പരാമർശം:*-1. സർവ്വകലാശാല വിജ്ഞാപനം.നം. 31231/ACA1-3/2025/AC A1 തീയതി 07.04.2025.

2. സർവ്വകലാശാല വിജ്ഞാപനം.നം. 31231/ACA1-3/2025/AC A1 തീയതി 10.04.2025.

3. 28.05.2025 തീയതിയിൽ തിരുവല്ല , MACFAST കോളേജ് പ്രിൻസിപ്പാൾ നൽകിയ അപേക്ഷ.

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2025-'26 അദ്ധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) അനുവദിക്കുന്നതിനായി പരാമർശം (1) & (2) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്ന കോളേജുകൾക്ക് മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് നൽകുകയും ചെയ്തു.

പരാമർശം (3) പ്രകാരം , തിരുവല്ല , MACFAST കോളേജ് പ്രിൻസിപ്പാൾ നൽകിയ മാർജിനൽ സീറ്റ് വർദ്ധനവിനായുള്ള അപേക്ഷയിന്മേൽ **"സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകൾക്കും, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അപേക്ഷകൾ സമർപ്പിക്കാതിരുന്നവർക്ക്, ഓരോ പ്രോഗ്രാമിനും 2000/- രൂപ പിഴ ഈടാക്കിക്കൊണ്ട് അപേക്ഷകൾ സ്വീകരിക്കുന്നതിന്"** ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ 2025-'26 അദ്ധ്യയന വർഷത്തേക്കുള്ള നാമമാത്ര സീറ്റ് വർദ്ധനവിനുള്ള (മാർജിനൽ വർദ്ധനവ്) അപേക്ഷകൾ പരാമർശം (1)&(2) വിജ്ഞാപനത്തിലെ നിബന്ധനകൾക്കു വിധേയമായി, ഓഫ്‌ലൈൻ രീതിയിൽ പിഴയോടുകൂടി സ്വീകരിക്കുന്നതിനും കോളേജുകൾക്ക് ഒരു പ്രോഗ്രാമിന് 2,000/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പി.എസ്
2.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ.
3. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ ജോയിന്റ് രജിസ്ട്രാർ(അക്കാദമിക്)
4. എ സി എ 1 / എ സി ബി 6 / എസി.എ7/എസി.ബി7/ ഐ.റ്റി സെൽ
5 പി.ആർ.ഒ/ ഫ്രണ്ട് ഓഫീസ് /യൂണിവേഴ്സിറ്റി വെബ് സൈറ്റ്
6.സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി / റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #9 of File 31231/AC A1-3/2025/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 02-Jun-2025 11:33 PM - Page 2